**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 613** **24-08-2022 - ൽ മറുപടിയ്ക്ക്**

**പള്ളിപ്പുറം ഫുഡ് പാർക്കിന്റെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | അരൂർ മണ്ഡലത്തിലെ പള്ളിപ്പുറം ഫുഡ് പാർക്കിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; പ്രസ്തുത ഫുഡ് പാർക്കിൽ എത്ര സംരംഭകർ സംരംഭം നടത്തുന്നതിനായി എത്തിച്ചേർന്നിട്ടുണ്ടെന്ന് വിശദമാക്കാമോ? | (എ) | മത്സ്യസംസ്കരണ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ കെഎസ്ഐഡിസി-യുടെ ചേർത്തല പള്ളിപ്പുറം വ്യവസായ പാർക്കിലെ 84ഏക്കറിൽ കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ ഒരു മെഗാ ഫുഡ് പാർക്ക് സ്ഥാപിച്ചിട്ടുണ്ട്. കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന്റെ സഹായത്തോടെ സ്ഥാപിതമാകുന്ന മെഗാഫുഡ് പാർക്ക് പദ്ധതിയുടെ അടങ്കൽ തുക 128.49 കോടി രൂപയാണ്. ഇതിൽ 50 കോടി രൂപ കേന്ദ്ര സഹായമാണ്.<br><br>ഒന്നാം ഘട്ടത്തിൽ 68 ഏക്കറിൽ മെഗാ ഫുഡ് പാർക്കിൽ റോഡ്, മഴവെള്ള നിർമാർജ്ജന ഓടകൾ, ജലവിതരണ സംവിധാനം, ചുറ്റുമതിൽ, ഗേറ്റ്, സെക്യൂരിറ്റി ക്യാബിൻ മുതലായ അടിസ്ഥാന സൗകര്യങ്ങളുടെയും, സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി, കോമൺ ഫെസിലിറ്റി സെന്റർ, വെയർ ഹൗസ് ഉൾപ്പെടെയുള്ള പ്രോസസ്സിംഗ് ഫെസിലിറ്റികളുടെയും നിർമ്മാണം പൂർത്തിയായിട്ടുണ്ട്. മലിനജല സംസ്കരണ ശാല, കോൾഡ് സ്റ്റോർ, ഡീപ്ഫ്രീസർ, ഡിബോണിങ് യൂണിറ്റ് എന്നിവയുടെ നിർമാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. പാർക്ക് ഉദ്ഘാടനത്തിന് സജ്ജമായിരിക്കു കയാണ്.<br><br>ഫുഡ് പാർക്കിൽ ഇതിനകം 31 യൂണിറ്റുകൾക്ക് സംരംഭം തുടങ്ങുന്നതിനായി ഭൂമി അനുവദിച്ചു നല്കിയിട്ടുണ്ട്. ഇതിൽ 12 യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചു, ബാക്കിയുള്ളവ പ്രവർത്തനാരംഭത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.<br><br>പദ്ധതി പൂർണതോതിൽ പ്രവർത്തനസജ്ജമാകുമ്പോൾ 1000 കോടി രൂപയുടെ നിക്ഷേപവും മൂവായിരത്തോളം (3000) |

| | | | |
|---|---|---|---|
| | | | തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടും എന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ